റേറ്റിനേക്കാൾ കൂടുതലാണെന്ന് വന്നു. അപ്പോൾ ദർഘാസ് ക്യാൻസൽ ചെയ്തു. ഇപ്പോൾ വീണ്ടും റീ-ടെണ്ടറിന് പരസ്യം നൽകി കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പണികൾ കഴിയുംവേഗം പുനരാരംഭിക്കാൻ കഴിയും. അടുത്തത് കോടശ്ശരി പഞ്ചായത്തിലെ പിലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനെ സംബന്ധിച്ചാണ്. 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. ഇതിന്റെ കാര്യത്തിൽ അനുകൂലമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കും. മറ്റൊന്ന് മണ്ടിക്കുന്ന്, കട്ടപ്പുറം, കൊമ്പൻപാറ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഞങ്ങൾ കുറേ നടപടികൾ സ്വീകരിച്ചു. ഇനിയും കുറേ പൂർത്തിയാക്കാനുണ്ട്. അത് സമയബന്ധിതമായി തീർക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം നദീതീര സംരക്ഷണത്തിനുവേണ്ടിയുള്ള റിവർ മാനേജുമെന്റ് ഫണ്ടിനെ സംബന്ധിച്ചാണ്. ഇതിനകം 3.48 കോടി രൂപയുടെ 54 നദീതീര സംരക്ഷണ പ്രവർത്തികളും നദീതീരങ്ങളിൽ മുളംതൈകൾ വച്ചു പിടിപ്പിക്കുന്നതിന് 0.33 കോടി രൂപയുടെ 3 പ്രവർത്തികളും റോഡ് നിർമ്മാണത്തിന് 0.24 കോടി രൂപയുടെ 3 പ്രവർത്തികളും ഉൾപ്പെടെ ആകെ 4.05 കോടി രൂപയുടെ എസ്റ്റിമേറ്റുകളാണ് തൃശ്ശൂർ കളക്ടർ മുഖേന ഗവൺമെന്റിന് ലഭിച്ചിട്ടുള്ളത്. ചാലക്കുടിപ്പുഴ സംരക്ഷണത്തിനുവേണ്ടി 121.9 ലക്ഷം രൂപയുടെ 17 പ്രവർത്തികളുടെ എസ്റ്റിമേറ്റ് ഇവിടെ ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല കാര്യങ്ങൾക്കും കാലതാമസമുണ്ടായിട്ടുണ്ട്. കഴിയുന്നതുംവേഗം കാലതാമസം ഒഴിവാക്കി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഞാൻ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമായി എന്നുള്ള സന്തോഷമുണ്ട്. എല്ലാറ്റിനെ സംബന്ധിച്ചും പറഞ്ഞു. ചിലതൊക്കെ ആവശ്യമാണെന്ന സൂചന നൽകുകയും ചെയ്തു. അതുകൊണ്ട് ഈ തർക്കമെറ്റ സംഗതികൾ മുന്നോട്ടു കൊണ്ടുപോകാൻ ഒരു ഏർപ്പാടുണ്ടാക്കി അതിന്റെ ആക്കം വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം, അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരേയും അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരേയും ചേർത്ത് എന്റേയുംകൂടി സാന്നിദ്ധ്യത്തിൽ വിളിച്ചു ചേർക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെ ഒരു യോഗം വിളിക്കാം.

IV. സബ്മിഷൻ

(1) ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ തെക്കു-കിഴക്കേ മൂലയിൽ നിൽക്കുന്ന മഹാഗണി വൃക്ഷം സംരക്ഷിക്കണമെന്ന ആവശ്യം

ശ്രീ. പിരപ്പൻകോട് മുരളി: സർ, സെക്രട്ടേറിയറ്റ് കോംപ്ലക്സിന്റെ തെക്കു-കിഴക്കേ മൂലയിൽ നിൽക്കുന്ന മഹാഗണി വൃക്ഷത്തിന്റെ മൂന്ന് ശിഖരങ്ങളും വേരും മുറിച്ചുമാറ്റി ഒരു കോൺക്രീറ്റ് സെല്ലാർ പണിയാൻ പോകുന്നു എന്നു മനസ്സിലാക്കുന്നു. ഞാൻ ഒരു പരിസ്ഥിതി യാഥാസ്ഥിതികനല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ മഹാഗണി അപൂർവ്വ ഇനത്തിൽപ്പെട്ടതാണ്. സ്വറ്റീനിയ മൈക്രോഫില്ല എന്നു പറയുന്ന പഴക്കമുള്ള ഗുണമേന്മയുള്ള മഹാഗണിയാണ്. സാക്ഷാൽ സ്വാതി തിരുനാളിന്റെ കാലത്ത് കൽക്കത്ത ബൊട്ടാണിക്കൽ ഗാർഡനിൽനിന്നും നമ്മുടെ മ്യൂസിയത്തിലേയ്ക്ക് കൊണ്ടുവന്ന ഈ മഹാഗണിയുടെ ഒന്നുരണ്ടു തൈകൾ സെക്രട്ടേറിയറ്റ് കോംപ്ലക്സിൽ വച്ചു. ഹജൂർ കച്ചേരി കൊല്ലത്തുനിന്നും തിരുവനന്തപുരത്തേയ്ക്ക് മാറ്റിയപ്പോൾ, സ്വന്തം പരിരക്ഷയിൽ സ്വാതിതിരുനാൾ സെക്രട്ടേറിയറ്റ് വളപ്പിൽ ഈ മഹാഗണി നട്ടുപിടിപ്പിച്ചു. ഇതിന്റെ ജന്മസ്ഥലം ലാറ്റിൻ അമേരിക്കയിലെ ഹോണ്ടുറാസിൽ ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, അത് കൊൽക്കത്തയിലെ ബൊട്ടാണിക്കൽ ഗാർഡനിൽ കൊണ്ടുവന്നു. ഇത്ര ചരിത്രപ്രസിദ്ധമായ വൃക്ഷത്തിന് 174 വർഷം പഴക്കമുണ്ട് പ്രശസ്ത ബൊട്ടാണിസ്റ്റ് ഡോ. പുഷ്പാംഗദനെപ്പോലെയുള്ളവർ പറയുന്നത്, ആലിന് 500 വർഷവും മഹാഗണിക്ക് ആയിരം വർഷവുമാണ് ആയുസ്സ് എന്നാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥന കൂടിയുണ്ട്. ഒരു കാരണവശാലും മഹാഗണി നശിക്കാനിടയാവരുത്. അതുകൊണ്ടാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഒരു സെല്ലാർ പണിയാൻ നമുക്ക് വേറെ സ്ഥലമുണ്ട്. ഈ വൃക്ഷത്തെ സംരക്ഷിക്കാൻ അങ്ങ് മുൻകൈ എടുക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): സർ, കവിയും കലാകാരനും സഹൃദയനുമായ എന്റെ സുഹൃത്ത് ശ്രീ. പിരപ്പൻകോട് മുരളി ഒരു പരിസ്ഥിതി പ്രവർത്തകൻ കൂടിയാണെന്ന് ഇപ്പോഴാണ് മനസ്സിലായത്. അദ്ദേഹത്തിന്റെ ഉൽക്കണ്ഠ ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹത്തിനു മാത്രമല്ല പരിസ്ഥിതി പ്രേമികൾക്ക് മുഴുവൻ വേദനയുണ്ടാക്കുന്ന ഒരു നടപടിയും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. ചെറിയ ഒരു കാര്യം മാത്രം ചെയ്തു. ഭരണ നവീകരണത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ കൂടുതലായി സ്ഥാപിച്ചു കൊണ്ടിരിക്കുന്ന കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പ്രവർത്തിപ്പിക്കുന്നതിന് അധികം വൈദ്യുതി ആവശ്യമാണെന്ന് കണ്ടെത്തിയതിനാൽ ഒരു ഡീസൽ ജനറേറ്റർകൂടി സ്ഥാപിക്കുന്നതിനും അതിനാവശ്യമായ സബ് സ്റ്റേഷൻ പണിയാനും ഉള്ള നിർദ്ദേശം ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 150 കെ.വി.എ.അധിക ലോഡ് കൂട്ടാനുള്ള നടപടികൾക്കായി പദ്ധതി തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്നതിനടുത്തുള്ള സ്ഥലം സബ് സ്റ്റേഷൻ സ്ഥാപിക്കാൻ സൗകര്യമുണ്ടെന്ന് കണ്ടെത്തുകയുമുണ്ടായി. സബ് സ്റ്റേഷൻ പണിയാൻ സെക്രട്ടേറിയറ്റ് വളപ്പിൽ മറ്റ് സ്ഥലം ലഭ്യമല്ലാത്തതിനാൽ, ഇപ്പോഴുള്ള സ്ഥലം മുഴുവനും കെട്ടിടങ്ങളായിക്കഴിഞ്ഞു. അല്ലാത്ത സ്ഥലത്ത് വാഹനങ്ങളാണ്. ഇപ്പോഴുള്ള സബ് സ്റ്റേഷന് സമീപമുള്ള സെക്രട്ടേറിയറ്റ്-വൈ.എം.സി.എ. ഗേറ്റിന് സമീപമുള്ള സ്ഥലത്ത് കെട്ടിടം പണിയാൻ സർക്കാർ അനുമതി നൽകുകയുണ്ടായി. അപ്പോൾ പണിക്ക് തടസ്സമായി നിൽക്കുന്ന മഹാഗണിയുടെ രണ്ട് ശിഖരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുമതി നൽകുകയുണ്ടായി. രണ്ടേ രണ്ടു ശിഖരങ്ങളേ മുറിക്കുന്നുള്ളൂ. അത് മുറിക്കുന്നതുകൊണ്ട് കുഴപ്പമുണ്ടാകുകയില്ല. ഇപ്രകാരം രണ്ട് ശിഖരങ്ങൾ മുറിക്കുന്നതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കുഴപ്പമില്ലെന്ന് വനം വകുപ്പ് അസിസ്റ്റന്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വനംവകുപ്പിന്റെ സാക്ഷ്യപത്രവും കിട്ടി. മഹാഗണി മരത്തിനും മറ്റ് വൃക്ഷങ്ങളുടെ വേരുകൾക്കും ഭീഷണിയാകാത്തവിധത്തിലാണ് സബ് സ്റ്റേഷൻ പണിയാൻ തീരുമാനിച്ചിരിക്കുന്നത്. അവിടെയുള്ള മറ്റ് മരങ്ങളും മുറിച്ചു കളയത്തില്ല. മഹാഗണി അവിടെ വളരെ സുരക്ഷിതമായിട്ടുണ്ടാകും. അങ്ങയുടെ വികാരം മനസ്സിലാക്കുന്നു. ഗവൺമെന്റിനും ആ അഭിപ്രായം തന്നെയാണ്.

(2) ഉടുമ്പൻചോല താലൂക്കിലെ കമ്പംമെട്ട് മണിയാമ്പ്രക്കടയിലുണ്ടായ ഭക്ഷ്യ വിഷബാധ

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കമ്പംമെട്ട് എന്ന പ്രദേശത്തെ മണിയാമ്പ്രക്കട എന്ന സ്ഥലത്ത് ഭക്ഷ്യവിഷ ബാധയെത്തുടർന്ന് നൂറിലധികം ആളുകൾ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സംഭവമുണ്ടായി. ഞാൻ ആ സംഭവ സ്ഥലത്ത് പോയി അന്വേഷിച്ചപ്പോൾ, അവിടെ മധു പുത്തൻപുരയ്ക്കൽ എന്നയാൾ ഒരു പുതിയ വീടുണ്ടാക്കി ആ വീട്ടിൽ കയറി താമസിക്കുന്നതുമായി ബന്ധപ്പെട്ട് സദ്യ നടത്തുമ്പോൾ അതിൽ പങ്കെടുത്ത ആളുകൾക്കാണ് ഈ ദുരന്തം ഉണ്ടാകാനിടയായത്. പക്ഷേ പ്രധാനപ്പെട്ട പ്രശ്നം മധുവുമായി വ്യക്തിപരമായി വൈരാഗ്യമുള്ള ആരോ ആണ് ആഹാരം പാകം ചെയ്യുന്നതിനിടയിൽ എൻഡോസൾഫാൻ കലർത്തിയത് എന്നാണ് റിപ്പോർട്ട് വന്നിരിക്കുന്നത്. ജനങ്ങളാകെ ഭയവിഹ്വലരാണ്. മനഃപൂർവ്വം ആഹാരത്തിൽ വിഷം കലർത്തി പകപോക്കാൻ ശ്രമിച്ചിട്ടുള്ള കുറ്റവാളികൾക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോലീസിനെയും സമീപിക്കുകയുണ്ടായി. സ്വാഭാവികമായും പോലീസ് സംശയാസ്പദമായ ആളുകളെ വിളിച്ച് ക്വസ്റ്റ്യൻ ചെയ്യുന്നതിന് പകരം ഭക്ഷ്യവിഷബാധയേറ്റ ആളുകളെ തന്നെ കമ്പംമെട്ട് പോലീസ് പീഡിപ്പിച്ചു കൊണ്ടിരിക്കുന്ന സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇവർക്കാവശ്യമായ സംരക്ഷണം കൊടുക്കണം. മനഃപൂർവ്വം ഇത്തരം ക്രൂരകൃത്യം ചെയ്തിട്ടുള്ളവർക്കെതിരായി നടപടിയെടുക്കണം. അവരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടിയെടുക്കണം. തികച്ചും കൂലിപ്പണിക്കാരും സാധാരണക്കാരായിട്ടുള്ളവരുമാണ് ഭക്ഷ്യവിഷബാധയേറ്റവർ. അവർക്കാവശ്യമായ സംരക്ഷണം കൊടുക്കാനും സാമ്പത്തിക സഹായം നൽകാനും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ കരുണാപുരം പഞ്ചായത്തിൽ 13-5-2004-ൽ ഗൃഹപ്രവേശ ചടങ്ങിനോടനുബന്ധിച്ച് നടന്ന വിരുന്ന് സൽക്കാരത്തിൽ പങ്കെടുത്ത 65 പേർക്ക് ഭക്ഷ്യവിഷബാധയുണ്ടായി. ഇവരെ കട്ടപ്പന മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly